A

# സമഗ്രശിക്ഷാ കേരളം
# പാദവാർഷിക മൂല്യനിർണ്ണയം 2024-2025
## മലയാളം
## അടിസ്ഥാന പാഠാവലി

612

ക്ലാസ് : 6 സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. രണ്ടു മുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

**കളിനിയമങ്ങൾ**

"ഇതൊരു പുതിയ കളിയാണ്. കളിനിയമങ്ങൾ പറയാം".

മുതിർന്ന കുട്ടി, ചുറ്റും നിൽക്കുന്നവരോട് പറഞ്ഞു. അവർ ആകാംക്ഷയോടെ കാതുകൂർപ്പിച്ചു.

അവൻ തുടർന്നു:

"എല്ലാവരും വട്ടത്തിൽ നിൽക്കണം. ഒരാൾ മുത്തശ്ശിയോ മുത്തശ്ശനോ ആവണം.

മുത്തശ്ശിയെ അല്ലെങ്കിൽ മുത്തശ്ശനെ കളത്തിനു നടുവിൽ ഇരുത്തണം. ഒരു കുട്ടി ചോദ്യക്കാരനാവണം. ചോദ്യക്കാരൻ വട്ടത്തിൽ നടന്ന് എല്ലാവരോടുമായി ഇങ്ങനെ ചോദിക്കണം."കണ്ടോ കണ്ടോ, മുത്തശ്ശിയെ?"

ഉത്തരം : "കണ്ടില്ല, ഞങ്ങൾ കണ്ടില്ല..."

ചോദ്യം പലതവണ ആവർത്തിക്കുന്നു.

ഒടുവിൽ, " കണ്ടു, കണ്ടു മുത്തശ്ശിയെ" എന്നു പറയണം. അപ്പോൾ മുത്തശ്ശി എണീറ്റു നിൽക്കണം. ഒരാൾ വന്ന് മുത്തശ്ശിയെ കൈപിടിച്ച് പുറത്തേക്കു കൊണ്ടുപോകാൻ ശ്രമിക്കണം. മറ്റുള്ളവർ തടയണം. അവർ കൂട്ടത്തോടെ "വിട്ടുതരില്ല മുത്തശ്ശിയെ" എന്നു പറയണം. വഴി കൊടുക്കാതിരിക്കാൻ എല്ലാവരും കൂടി കൈ കോർത്തുപിടിച്ച് നിൽക്കണം.

"ഒരു സംശയം, മുത്തശ്ശിയെ എങ്ങോട്ടാണ് കൊണ്ടുപോകാൻ ശ്രമിച്ചത്?"

ഒരു കുട്ടി ചോദിച്ചു.

"വൃദ്ധസദനത്തിലേക്ക്. ഈ കളിയുടെ പേരും അതുതന്നെ."

മുതിർന്ന കുട്ടി പറഞ്ഞു. അവർ കളി തുടങ്ങി.

(കെ.കെ.പല്ലശ്ശന)

(എ) 'എല്ലാ കളികൾക്കും ഇതു ബാധകമാണ്'. ഏത്?

(ചോദ്യങ്ങൾ, കളിനിയമങ്ങൾ, ഉത്തരങ്ങൾ, സമ്മാനങ്ങൾ)

(ബി) ചോദ്യക്കാരൻ എങ്ങനെ നടന്നാണ് ചോദ്യങ്ങൾ ചോദിക്കേണ്ടത്?

(വട്ടത്തിൽ നടന്ന്, കണ്ണടച്ചുനടന്ന്, കൈകെട്ടിനടന്ന്, പുറകിലേക്കു നടന്ന് )

(സി) ചോദ്യം ആവർത്തിച്ച ശേഷം പറയേണ്ട മറുപടി എന്താണ്?

(കണ്ടില്ല ഞങ്ങൾ മുത്തശ്ശിയെ, വിട്ടുതരില്ല മുത്തശ്ശിയെ, കണ്ടു-കണ്ടു മുത്തശ്ശിയെ, പാവം പാവം മുത്തശ്ശിയെ)

(ഡി) "ഈ കളിയുടെ പേരും അതുതന്നെ" ഏത്?

(ചോദ്യക്കളി, വൃദ്ധസദനത്തിലേക്ക്, മുത്തശ്ശിക്കളി, കളി നിയമങ്ങൾ)

(ഇ) കഥയിലൂടെ പങ്കുവയ്ക്കുന്ന ആശയം?

(കളിനിയമങ്ങൾ പാലിക്കണം, വാർധക്യം ബാധിച്ചവർ അവഗണിക്കപ്പെടുന്നു, മുതിർന്ന കുട്ടികളേ കളിക്കാവൂ, മുത്തശ്ശിമാരെ വൃദ്ധസദനത്തിലാക്കണം)

**പ്രവർത്തനം 2 – (എ) വിശകലനക്കുറിപ്പ്**

പ്രകൃതിയുടെ സ്നേഹസ്പർശം നമുക്ക് അനുഭവപ്പെടാറുണ്ടെന്ന് 'വേഗമുറങ്ങൂ' എന്ന കവിതയിൽ പഠിച്ചല്ലോ? താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗവും 'വേഗമുറങ്ങൂ' എന്ന കവിതയിലെ ആശയവും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

ഉണ്ണി ഉറങ്ങുകിന്നുള്ളം നിറഞ്ഞു നിൻ
തൊട്ടിലാട്ടുന്നു തൈത്തെന്നൽ വീണ്ടും!
ഉണ്ണി ഉറങ്ങുന്നു ഉള്ളം നിറഞ്ഞു നിൻ
പുഞ്ചിരിപ്പൈമ്പാൽ നുകർന്നു രാവും!
കണ്ണിണ ചിമ്മാതിളകാതെ താരകൾ
നിൽപ്പിതാ മേഘപ്പടവിലേറി,
കൂമ്പി മയങ്ങുന്നോരാമ്പലിൻ ചേലിൽ നിൻ
ഓമനപ്പൂമുഖം, നോക്കി നോക്കി...

(തെന്നലിൽ കുഞ്ഞ്)

**(ബി)** "പിച്ചവെച്ചു പിരണ്ടോടി വീണി-
ട്ടച്ഛനെ നോക്കിക്കണ്ണീർ പൊഴിഞ്ഞും". ആർക്കാണ് കണ്ണീർ പൊഴിഞ്ഞത്?
(ഗീതമോൾക്ക്, അമ്മക്ക്, കുഞ്ഞുമോന്)

**പ്രവർത്തനം 3 – സംഭാഷണം**

അനാഥക്കുഞ്ഞുങ്ങളെപ്പോലെ തെങ്ങിൻതോപ്പിൽ വീണുകിടന്നിരുന്ന തേങ്ങകളെല്ലാം തേങ്ങാപ്പുരയിലേക്ക് പെറുക്കിയിടുന്ന അക്കമ്മയെ സംഗീതച്ചേച്ചിയാണ് ആദ്യം കണ്ടത്.
സംഗീതച്ചേച്ചിയും അക്കമ്മയും തമ്മിൽ സംസാരിച്ചിരുന്നു.
അവർ തമ്മിലുള്ള സംഭാഷണം തയ്യാറാക്കൂ.

**പ്രവർത്തനം 4 – വർണ്ണന**

മഴയുടെ വർണ്ണന പാഠഭാഗങ്ങളിലൂടെ നാം പരിചയപ്പെട്ടു. മറ്റൊരു വർണ്ണനയുടെ തുടക്കം നോക്കൂ..

'മഴ പൊഴിയാൻ തുടങ്ങി. ഓരോരോ കുഞ്ഞുതുള്ളികൾ പതിക്കുമ്പോൾ മേലാകെ കുളിരു കോരി. എന്തൊരു രസം! മനം തുള്ളിച്ചാടി. പെട്ടെന്ന് മഴയുടെ ഭാവം മാറി. കല്ലുപെറുക്കിയെറിയും പോലെ വലിയ മഴത്തുള്ളികൾ'.

നിങ്ങൾക്കുണ്ടായ മഴയനുഭവം വർണ്ണിച്ചെഴുതുക.

**പ്രവർത്തനം 5 – (എ) ഉപന്യാസം**

'തേങ്ങ' എന്ന കഥയിൽ പണിയെടുക്കാനായി അപ്പനും അമ്മയും പറഞ്ഞയച്ച അക്കമ്മയെ പരിചയപ്പെട്ടല്ലോ. 'ഊഞ്ഞാൽപ്പാട്ട്' എന്ന കവിതയിൽ അധ്വാനത്തിന്റെ ഫലമായി, 'ദേഹത്തുപ്പു നാറുന്ന' അച്ഛനെയും നമ്മൾ കണ്ടു. രണ്ടു പേരും അവരുടെ ജോലികൾ വളരെ സന്തോഷത്തോടെയാണ് ഏറ്റെടുത്തത്. നിങ്ങളുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി 'അധ്വാനത്തിന്റെ മഹത്വം' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**(ബി)** 'കിനാവ്' എന്ന പദത്തിനു പകരം പദം
(സ്വപ്നം, ബുദ്ധി, അറിവ്)

**പ്രവർത്തനം 6 – (എ) ആസ്വാദനക്കുറിപ്പ്**

**കൊച്ചുനക്ഷത്രം**

കൊച്ചു നക്ഷത്രമേ, നിന്നെയാരാ
മച്ചിലിരുത്തിയതമ്മയാണോ?
വല്ലതും വാശി പിടിച്ചുവോ നീ?
വല്ലതും തട്ടിമറിച്ചുവോ നീ?
അമ്മ കയർക്കുവാനെന്തു മൂലം?
നമ്മൾ കാണിക്കണം നല്ല ശീലം
താഴേക്കുപോരുവാൻ മോഹമില്ലേ?
വീഴാതിറങ്ങുവാൻ പറ്റുകില്ലേ?
പൊക്കമില്ലാത്ത ഞാൻ കൈകൾ പൊക്കി
നിൽക്കുകയല്ലാതെയെന്തു ചെയ്യും!
കൊച്ചു നക്ഷത്രമേ, നിന്നെയാരാ
മച്ചിലിരുത്തിയതമ്മയാണോ?

(ജി. ശങ്കരക്കുറുപ്പ്)

**ജീവിതത്തിൽ നമുക്ക് പ്രകൃതിയെയും സ്നേഹിക്കാൻ കഴിയണം. അപ്പോൾ പ്രകൃതിയുടെ സ്നേഹ സ്പർശം നമുക്ക് ഒരു സാന്ത്വനമായി അനുഭവപ്പെടും. ഇവിടെ നക്ഷത്രങ്ങളോട് കിന്നാരം പറയുന്ന കുട്ടിയെ കണ്ടില്ലേ? തന്നിരിക്കുന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ.**

**(ബി) "ആരോ കരയുന്നതു കേട്ടു നടുപ്പാതിരയ്ക്ക് അവൾ നടുങ്ങിയുണർന്നു" ആരുടെ കരച്ചിൽ കേട്ടാണ് അക്കമ്മ ഉണർന്നത്?**

(മഴയുടെ, പുലരിയുടെ, രാത്രിയുടെ)